**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2017-18 സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എടുത്ത കുടുംബങ്ങൾക്ക് പ്രത്യേക പാരിതോഷികമായി 1000 രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.2276/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 18.08.2018**

==========================================================================

പരാമർശം: സ.ഉ.(സാധാ)നം.2898/2017/ത.സ്വ.ഭ.വ തീയതി 23.08.2017

**<u>ഉത്തരവ്</u>**

പരാമർശ സർക്കാർ ഉത്തരവ് പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2016-17 സാമ്പത്തിക വർഷം 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് 1000 രൂപ പ്രത്യേക പാരിതോഷികമായി അനുവദിച്ചിരുന്നു. ഇതേ മാതൃകയിൽ 2017-18 സാമ്പത്തിക വർഷവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 ദിവസം തൊഴിലെടുത്ത 1,17,370 കുടുംബങ്ങൾക്ക് 1000 രൂപ പ്രത്യേക പാരിതോഷികമായി അനുവദിക്കാൻ സർക്കാർ ഉത്തരവാകുന്നു.

2. ഇതിലേക്കാവശ്യമായ 11,73,70,000 രൂപ, 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 2505-02-101-99-MGNREGS (90% CSS)-02-State Share(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ടി തുക പിൻവലിക്കുന്നതിന് എല്ലാ ട്രഷറി നിയന്ത്രണങ്ങളും ഒഴിവാക്കിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സ്പെഷ്യൽ സെക്രട്ടറി**

<u>പകർപ്പ്</u>

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം

എല്ലാ ജില്ലാ കലക്ടർമാർക്കും

എല്ലാ MGNREGS ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും

ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ (ഡവലപ്മെന്റ് വിംഗ്)വകുപ്പ്

എല്ലാ ജില്ലാ/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ